**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **30-01-2024 - ൽ മറുപടിയ്ക്ക്**

**തരൂർ നിയോജകമണ്ഡലത്തിലെ കല്ലിങ്കൽ പാടം ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ കല്ലിങ്കൽ പാടം ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ? | (എ) | തരൂർ നിയോജക മണ്ഡലത്തിൽ കിഫ്‌ബി പദ്ധതിയിൽ ഉൾപെടുത്തിയ കല്ലിങ്കൽ പാടം ജി.എച്ച്.എസ് .എസ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസിയായ (എസ്. പി. വി.) കില സാങ്കേതിക അനുമതി നൽകി കിഫ്‌ബിയിൽ സമർപ്പിച്ചിരുന്ന 2018 DSR നിരക്കിലുള്ള 1.30 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിനു 22/01/2024-ൽ കിഫ്‌ബി അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്സ് (PED) കിഫ്‌ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായ കില ഇത് സമർപ്പിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് കിഫ്‌ബിയിൽ നിന്നും അംഗീകാരം നൽകുന്നതാണ്. അതിനു ശേഷം എസ്.പി .വി. ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ